(സി) പ്രത്യേക സേവന വേതന ചട്ടങ്ങളോ സ്പെഷ്യൽ റൂൾസോ നിലവിലില്ലാത്ത ക്ഷേമനിധികളിൽ എത്രപേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്;

(ഡി) ജി. പി. എഫ്., പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയവ ബാധകമാകാത്ത ക്ഷേമ നിധികളിൽ സാർക്ക് വികലാംഗ വർഷം പ്രമാണിച്ച് പുനർനിയമനം ലഭിച്ച ജീവനക്കാർക്ക് എന്ത് ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കൃത്യമായി പുതുക്കുന്നവരെ പ്രായപരിധിയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം

55 [5611] ശ്രീ. എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കൃത്യമായി പുതുക്കുന്നവരിൽനിന്നും താൽക്കാലിക നിയമനത്തിന് ശുപാർശ ചെയ്യുന്നതിന് പ്രായപരിധി ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ദീർഘകാലത്തെ കാത്തിരിപ്പിനുശേഷം താൽക്കാലിക നിയമനം കിട്ടുന്നവരെ ബുദ്ധിമുട്ടിലാക്കുന്ന പ്രായപരിധി നിർണ്ണയം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള നിയമപ്രകാരം ഫുൾടൈം ഒഴിവുകൾക്ക് ജനറൽ വിഭാഗത്തിന് 18-35 എന്നതാണ് പ്രായപരിധി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്ക് അഞ്ചുവർഷത്തെ വയസ്സിളവിനും, മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് മൂന്ന് വർഷത്തെ വയസ്സിളവും അനുവദിച്ചിട്ടുണ്ട്. വിധവകൾ/നിയമാനുസൃതം വിവാഹമോചനം നേടിയ സ്ത്രീകൾ എന്നിവർക്ക് പത്ത് വർഷത്തെയും വയസ്സിളവ് അനുവദിച്ചിട്ടുണ്ട്.

14-3-2002-ലെ സർക്കാർ ഉത്തരവ് പ്രകാരം പാർടൈം ഒഴിവുകൾക്കുവേണ്ടി ഉദ്യോഗാർത്ഥികളെ പരിഗണിക്കാനുള്ള ഏറ്റവും ഉയർന്ന പ്രായപരിധി 50 വയസ്സായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെയുള്ള നിയമനങ്ങൾ

56 [5612] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ പുറംവാതിൽ നിയമനങ്ങൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലവിലുള്ളപ്പോൾ അതുവഴിയല്ലാതെ വകുപ്പുകളിൽ നിയമനങ്ങൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആ പരാതികളിൻമേൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) പി. എസ്. സി.-യോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ വഴിയല്ലാതെ നേരിട്ട് നിയമനം നടത്തുകയും ദീർഘനാൾ ആ തസ്തികയിൽ തുടരുവാൻ അനുവാദം നൽകുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എസ്.സി.-യോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലാതെ ചില നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) സ്വീകരിക്കുന്നതാണ്.

തയ്യൽ തൊഴിലാളി ക്ഷേമനിധി സർക്കാർ വിഹിതം കുടിശ്ശിക

57 [5613] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാരിന്റെ വിഹിതമായി എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എത്ര യെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്;

(സി) ക്ഷേമനിധി വിഹിതം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) സർക്കാരുമായുണ്ടായ ധാരണപ്രകാരം എത്ര രൂപയാണ് അംശദായം സർക്കാർ വിഹിതമായി നിശ്ചയിച്ചിരുന്നത്;

(ഇ) അംശദായം വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) തയ്യൽ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം ആവശ്യങ്ങളാണ് അവർ മുന്നോട്ടു വച്ചിട്ടുള്ളത്;

(ജി) ഏതെല്ലാം ആവശ്യങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

(എച്ച്) നിലവിലുള്ള പെൻഷൻ തോത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly